# സാഫല്യം _ഡയറ്റ് വയനാട്

## പത്താംതരം തുല്യത മാതൃകാ പരീക്ഷ

## സാമൂഹ്യശാസ്ത്രം

ആകെ സ്കോർ 60
സമയം 2 1/2 മണിക്കൂർ

പൊതു നിർദ്ദേശങ്ങൾ

ആദ്യത്തെ 15 മിനിട്ട് സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം
ഓരോചോദ്യവുമായിബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക
ഓരോ ചോദ്യത്തിന്റെയും സ്കോർ അതതുചോദ്യത്തിന്റെ നേരേനൽകിയിട്ടുണ്ട് .

---

1. റിസർവ് ബാങ്കിന്റെ പ്രധാന ധർമ്മങ്ങൾ ഏതെല്ലാം? 2
2. യൂറോപ്യൻ സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഒരു പുത്തൻഉണർവ് ഉണ്ടായ കാലഘട്ടമാണ് നവോത്ഥാന കാലഘട്ടം . രണ്ട് ഉദാഹരണം എഴുതുക 2
3. അണുകുടുംബം നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം ? 3
4 . A കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി B, C കോളങ്ങളിലുള്ളവ ക്രമപ്പെടുത്തുക 4

| A | B | C |
|---|---|---|
| പ്രാദേശിക വാതം<br>കരക്കാറ്റ്<br>കാലികവാതം<br>അസ്ഥിരവാതം | രാത്രി<br>ലൂ<br>ചക്രവാതം<br>മൺസൂൺ | കേന്ദ്രഭാഗത്ത് ന്യൂനമർദം<br>ന്യൂനമർദം കടലിൽ<br>ഉത്തരമഹാസമതലം<br>മൗസിം |

5. പാശ്ചാത്യ തത്ത്വചിന്തയിലൂടെ ഉയർന്നുവന്ന കാല്പനികപ്രസ്ഥാനം , യഥാതലപ്രസ്ഥാനം എന്നിവയുടെ സവിശേഷതകൾ ? 2
6. പ്രത്യക്ഷനികുതിയും പരോക്ഷ നികുതിയും തമ്മിലുള്ള വ്യത്യാസം ഉദാഹരണസഹിതം എഴുതുക 3
7. ഇന്ത്യയിലെ വിവിധ മണ്ണിനങ്ങൾ ഏതെല്ലാം?
   ഏക്കൽ മണ്ണിന്റെ സവിശേഷതകൾ ? 3
8. ഐക്യരാഷ്ട്രസഭയുടെ പ്രധാന 4 ലക്ഷ്യങ്ങൾ ഏതെല്ലാം? 2
9. തെക്കപടിഞ്ഞാറൻ മൺസൂണിന്റെ സവിശേഷതകൾ വ്യക്തമാക്കുക

   **അല്ലെങ്കിൽ**

   ഇന്ത്യയുടെ ഭൂപ്രകൃതിയെ എത്രയായിതരംതിരിക്കാം? അവ ഏതെല്ലാം?
   ഏതെങ്കിലും രണ്ടെണ്ണത്തിന്റെ സവിശേഷകൾ വിശദമാക്കുക 5
10. ഇന്ത്യൻ പൗരന്റെ മൗലികാവകാശങ്ങൾ എവ? 3

11 ഒന്നാം ലോകമഹായുദ്ധത്തിലേയ്ക്കും രണ്ടാം ലോകമഹായുദ്ധത്തിലേയ്ക്കും നയിച്ച പ്രധാനഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശകലനം ചെയ്യുക?

**അല്ലെങ്കിൽ**

"ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ പങ്ക്" വിശദമാക്കുക ( ജാലിയൻ വാലാബാഗ്-നിസ്സകരണവും ഖിലാഫത്തും -നിയമലംഘനപ്രസ്ഥാനം -വട്ടമേശസമ്മേളനം-ക്വിറ്റ് ഇന്ത്യ സമരം) 5

12 ചെറിയ തോത് ഭൂപടവും വലിയതോത് ഭൂപടവും തമ്മിലുള്ള പ്രധാനവ്യത്യാസം വ്യക്തമാക്കുക 3

13 ആഗോളവൽക്കരണം എന്നാലെന്ത്?
ആഗോളവൽക്കരണത്തിന്റെ പ്രധാനസവിശേഷതകൾ എന്തെല്ലാം ? 3

14. ചുവടെ ചേർത്തിരിക്കുന്നത് മഹാശിലാസ്മാരകങ്ങളുമായി ബന്ധപ്പെട്ടവയാണ് .അവ ഒരോന്നും എന്തെന്ന് വ്യക്തമാക്കുക ? 1. നന്നങ്ങാടികൾ 2.മുനിയറ 3

15. ടിപ്പുസുൽത്താന്റെ ഭരണം മലബാറിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം ? 3

16. സുപ്രിം കോടതിയുടെ പ്രധാന അധികാരങ്ങൾ ഏതെല്ലാം ? 3

17. നൽകിയിട്ടുള്ള ഭൂപടത്തിൽ താഴെ കൊടുത്തിരിക്കുന്നവയുടെ സ്ഥാനം അടയാളപ്പെടുത്തുക
വിശാഖപട്ടണം
വിന്ധ്യാപർവ്വതനിര
കാവേരിനദി
ചെന്നൈ 4

18. പ്രത്യക്ഷജനാധിപത്യവും, പരോക്ഷജനാധിപത്യവും തമ്മിലുള്ള വ്യത്യാസം എന്തെല്ലാം? 2

19 പൊതുമേഖല, സ്വകാര്യമേഖല സ്ഥാപനങ്ങൽ തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
ഉദാഹരണസഹിതം വിശദമാക്കുക 2

20. സംഘടിതതൊഴിലാളികൾക്ക് അസംഘടിത തൊഴിലാളികളെ അപേക്ഷിച്ച് ചില പ്രത്യേക അവകാശങ്ങൾ ഉണ്ട്. അവ ഏതെല്ലാം? 3

